**കേരള സർക്കാർ**

നം. 50787/എബി3/13/തസ്വഭവ. തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്,

തിരുവനന്തപുരം: തീയതി: 05/05/2014

# സർക്കുലർ

വിഷയം:- 01/07/2013-ലെ 52348/എബി3/08/തസ്വഭവ നമ്പർ സർക്കുലർ റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:- 1) ലോക്കൽ അക്കൗണ്ട്സ് കമ്മിറ്റി (2006-08) 18-ാമത് റിപ്പോർട്ട് - ഖണ്ഡിക 47-ലെ സമിതി ശുപാർശ

2) 01/07/2013-ലെ 52348/എബി3/08/തസ്വഭവ നമ്പർ സർക്കുലർ.

3) ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പിന്റെ 74226/വെ.വി1/13/ധന നമ്പർ അനൗദ്യോഗിക കുറിപ്പ്.

......

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2006-08) 18-ാമത് റിപ്പോർട്ടിൽ ഖണ്ഡിക 47 പ്രകാരം ഓഡിറ്റ് തടസ്സങ്ങൾ ഉന്നയിച്ചു കഴിഞ്ഞാൽ അവ പരിഹരിച്ചു കഴിഞ്ഞ ശേഷം മാത്രമേ ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റുകൾ നൽകാൻ പാടുള്ളൂ എന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു.

സമിതിയുടെ നിർദ്ദേശാനുസരണം ഈ വകുപ്പിൽ നിന്നും സൂചന രണ്ട് പ്രകാരം സർക്കുലർ പുറപ്പെടുവിച്ചു. എന്നാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശത്തിനെതിരെ വിവിധ സ്ഥാപനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും എതിരഭിപ്രായം ഉയർന്നു വന്നു. 27/03/2002-ലെ ജി.ഒ (പി) 185/2002/Fin. നമ്പർ ഉത്തരവ്, 02/11/2011-ലെ 77/2011/ധന നമ്പർ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് സമിതി നിർദ്ദേശാനുസരണമുള്ള സർക്കുലർ എന്നതാണ് സർക്കുലറിനെതിരെ ഉയർന്നു വന്ന വിമർശനത്തിന്റെ കാതൽ. ഇക്കാര്യത്തിൽ സൂചന മൂന്ന് പ്രകാരമുള്ള ധനകാര്യ വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പിൽ വകുപ്പുതല നടപടികൾ ഒന്നും നിലവിലില്ലാത്ത കേസ്സുകളിൽ വിരമിച്ച് മൂന്നു മാസത്തിനുള്ളിൽ തന്നെ NLC issue ചെയ്യേണ്ടതാണെന്ന് ജി.ഒ (പി) 185/2002/Fin നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ആഡിറ്റ് ക്ലിയർ ചെയ്യുവാൻ സാങ്കേതികമായി തടസ്സമുണ്ടെങ്കിൽ ബാദ്ധ്യത ഉണ്ടാകുന്ന പക്ഷം തിരിച്ചടക്കുകയോ, തിരിച്ചു പിടിക്കുന്നതിന് സമ്മതമാണെന്നോ ഉള്ള സാക്ഷ്യപത്രത്തിന്മേൽ DCRG അനുവദിക്കാവുന്നതാണെന്ന് 02/11/2011-ലെ 77/11/Fin. സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ KSR Part III ചട്ടം 116-ന് താഴെയുള്ള Ruling No. 1 പ്രകാരം ജീവനക്കാരൻ വിരമിക്കുന്ന സമയത്ത് ബാദ്ധ്യത തിട്ടപ്പെടുത്താത്ത കേസുകളിൽ സെക്യൂരിറ്റി ബോണ്ട്/ക്യാഷ് ഡെപ്പോസിറ്റ്/DCRG യിൽ നിന്നും നിശ്ചിത തുക പിടിച്ചു വക്കൽ ചെയ്തതിന് ശേഷം Pension/DCRG നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും ഒരു വർഷത്തിനു ശേഷം ബാദ്ധ്യത നിശ്ചയിച്ചിട്ടില്ലെങ്കിൽ പ്രസ്തുത തുക വിതരണം ചെയ്യേണ്ടതാണെന്ന് Ruling No. 5-ൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും

ആയതിനാൽ സ്റ്റാറ്റ്യൂട്ടറി പെൻഷനും, സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി പുറപ്പെടുവിച്ചിട്ടുള്ള സൂചന രണ്ട് പ്രകാരമുള്ള സർക്കുലർ റദ്ദ് ചെയ്യേണ്ടതാണെന്നും ധന വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. മേൽ സൂചിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ സൂചന രണ്ട് പ്രകാരം ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സർക്കുലർ റദ്ദ് ചെയ്യുന്നു.

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി

1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3) ഗ്രാമവികസന കമ്മീഷണർ
4) നഗരകാര്യ ഡയറക്ടർ
5) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6) എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർക്കും, സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
7) എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും (അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ മുഖേന)
8) എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും
9) എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
10) എല്ലാ മുനിസിപ്പൽ ചെയർ പേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ മുഖേന)
11) നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
12) എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
13) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
14) ധനകാര്യ വകുപ്പ് (ആ വകുപ്പിന്റെ 29/03/2014-ലെ 74226/വെ.വി1/13/ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
15) ഡയറക്ടർ IKM (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക്)
16) ഡയറക്ടർ KILA

പകർപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ